26
SUNDAY
MAY 2019

# ദുബായ് വാർത്ത

www.dubaivartha.com

A WHATSAPP NEWS PAPER



## തിരഞ്ഞെടുപ്പ് പ്രവചന മത്സരത്തിൽ സ്വർണം നേടി പ്രവാസി മലയാളി.



**കേരളത്തിൽ യുഡിഎഫ് 19 സീറ്റ് നേടിയപ്പോൾ ദുബായ് റാസൽകോറിൽ സ്വകാര്യ കമ്പനിയിൽ അക്കൗണ്ടന്റായ കോട്ടയം കുറവിലങ്ങാട് കാഞ്ഞിരത്താനം എബി (29) നേടിയത് അഞ്ചു പവൻ. ഉമ്മൽ ഖുവൈൻ (യുഎക്യു) ഫ്രീ ട്രേഡ് സോണുമായി ചേർന്നു നടത്തിയ പ്രവചന മൽസരത്തിലാണ് ഈ വിജയം നേടിയത്.**

## ഗതാഗത തടസ്സത്തിന് പ്രധാന പരിഹാരമായി ട്രിപ്പോളി റോഡ്.



ഷാർജയിലേക്കുള്ള ഗതാഗത തടസ്സത്തിന് പ്രധാന പരിഹാരമായി ട്രിപ്പോളി റോഡ് അടുത്ത മാസം അവസാനം തുറക്കും. ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് റോഡിനെയും എമിറേറ്റ്സ് റോഡിനെയും ബന്ധിപ്പിച്ച് 12 കിമീറ്റർ നീളത്തിൽ നിർമിക്കുന്ന ട്രിപ്പോളി റോഡ് തുറക്കുന്നതോടെ ഇവിടുത്തെ 30% ഗതാഗത തടസ്സവും പരിഹരിക്കപ്പെടുമെന്ന് ആർ ടി എ അധികൃതർ വ്യക്തമാക്കി.

## ശബരിമലയിൽ അതീവ ഗുരുതര സുരക്ഷാ വീഴ്ച്ചയെന്ന് അഗ്നിശമന രക്ഷാസേനയുടെ പരിശോധന റിപ്പോർട്ട്.



**ഏതെങ്കിലും സാഹചര്യത്തിൽ തീപിടുത്തമുണ്ടായാൽ സ്ഥിതി ഗുരുതരമാകും.**

**സന്നിധാനത്ത് പ്രവർത്തിക്കുന്ന അപ്പം, അരവണ പ്ലാന്റുകളിലും മതിയായ പ്രാഥമിക അഗ്നിശമന ഉപകരണങ്ങൾ പോലുമില്ല. പാചകവാതക സംഭരണശാലയും ഡീസൽ സ്റ്റോറേജ് ടാങ്കുകളും സുരക്ഷിതമല്ലെന്നും റിപ്പോർട്ടിൽ പറയുന്നു.**

# വെടിയേറ്റ് മരിച്ച സഹപ്രവർത്തകന്റെ ശവമഞ്ചം തോളിലേറ്റി സ്മൃതി ഇറാനി.



അമേഠിയിലെ ബറൗലിയയിലെ മുൻ ഗ്രാമ മുഖ്യൻ കൂടിയായ സുരേന്ദ്രൻ സിംഗിന്റെ ശവമഞ്ചമാണ് സ്മൃതി തോളിലേറ്റിയത്. കൊലയ്ക്ക് പിന്നിൽ കോൺഗ്രസ് ആണെന്നാണ് സുരേന്ദ്രൻ സിംഗിന്റെ കുടുംബാംഗങ്ങൾ ആരോപിക്കുന്നത്.

## പള്ളിയിൽ നിന്നും തിരിച്ചു വരുന്നതിനിടെ
# മുസ്‌ലിം യുവാവിന് മർദനം



യുവാവിന്റെ തൊപ്പി വലിച്ചെറിയുകയും, ഭാരത് മാതാ കീ ജയ്, ജയ് ശ്രീരാം തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കാൻ ആക്രമികൾ ആവശ്യപ്പെട്ടതായും റിപ്പോർട്ടുകൾ പറയുന്നു. ഇന്നലെ രാത്രി ബിഹാറിലെ ഗുർഗോണിൽ വെച്ചായിരുന്നു സംഭവം. സംഭവമുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ രേഖപ്പെടുത്തി.

# ഐ.എസ്. ഭീകരർ ലക്ഷദ്വീപിൽ ?



## സംസ്ഥാനതീരത്ത് കനത്ത ജാഗ്രത

ശ്രീലങ്കയിൽ നിന്ന് ബോട്ടിൽ 15 ഇസ്‌ലാമിക് സ്റ്റേറ്റ് (ഐ.എസ്.) ഭീകരർ ലക്ഷദ്വീപ് ലക്ഷ്യമാക്കി നീങ്ങിയതായി കേന്ദ്ര ഇന്റലിജൻസിന്റെ റിപ്പോർട്ട്. ഇതേത്തുടർന്ന് കേരളതീരത്ത് കനത്ത ജാഗ്രതപാലിക്കാൻ കേന്ദ്ര ഇന്റലിജൻസ്, ആഭ്യന്തരമന്ത്രാലയം എന്നിവ നിർദേശം നൽകി.

## നേതാക്കൾ പ്രചാരണ രംഗത്ത് സജീവമായില്ല; മുതിർന്ന നേതാക്കളെ കുറ്റപ്പെടുത്തി രാഹുൽ ഗാന്ധി



രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ട്, മധ്യപ്രദേശ് മുഖ്യമന്ത്രി കമൽനാഥ്, പി ചിദംബരം എന്നിവർക്കെതിരെയാണ് രാഹുൽ ഗാന്ധി രംഗത്തെത്തിയത്. മൂന്ന് പേരും തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സജീവമായില്ലെന്ന് രാഹുൽ കുറ്റപ്പെടുത്തി.

## ഈദുൽ ഫിത്വർ: യു.എ.ഇയിൽ സർക്കാർ മേഖലയിൽ ഏഴ് ദിവസത്തെ അവധി.



ജൂണ് 2 ന് അവധി തുടങ്ങും.അവധിക്ക് ശേഷം സർക്കാർ ഓഫീസുകൾ ജൂൺ 9 ന് മാത്രമേ തുറന്നു പ്രവർത്തിക്കൂ.
സ്വകാര്യ മേഖലയുടെ അവധി സംബന്ധിച്ച വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

## ഗുജറാത്തിലെ തീപ്പിടിത്തത്തിൽ മരണം 23 ആയി; എല്ലാ കോച്ചിങ് സെന്ററുകളും അടച്ചിടാൻ നിർദ്ദേശം



സംസ്ഥാനത്തെ കോച്ചിങ് സെന്ററുകൾ, സ്വകാര്യ ആശുപത്രികൾ എന്നിവ അടക്കമുള്ള എല്ലാ കെട്ടിടങ്ങളിലും സുരക്ഷാ പരിശോധന തുടങ്ങിക്കഴിഞ്ഞു. തലസ്ഥാനമായ ഗാന്ധിനഗറിലെ ലൈബ്രറിയും നാൽപ്പതോളം കോച്ചിങ് സെന്ററുകളും അധികൃതർ പൂട്ടി മുദ്രവച്ചു.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.05 PM | 7.09 PM | 7.05 PM | 7.05 PM | 6.59 PM | 7.02 PM | 7.01 PM |